**പതിനാലാം കേരള നിയമസഭ**

പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 306 | 03.02.2020 ൽ മറുപടിയ്ക്ക് |
|---|---|
| **വനിതകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾക്കെതിരായ ബോധവത്ക്കരണ പദ്ധതികൾ** | |
| ചോദ്യം | മറുപടി |
| **ശ്രീ. ചിറ്റയം ഗോപകുമാർ** | **കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) വനിതകളുടേയും കുട്ടികളുടേയും നേരെയുള്ള അതിക്രമങ്ങളും ചൂഷണങ്ങളും അവസാനിപ്പിക്കുന്നതിനായി സർക്കാർ നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കുമോ; | എ) വനിതകൾക്കും ശിശുക്കൾക്കും നേർക്ക് വർദ്ധിച്ചു വരുന്ന അതിക്രമങ്ങൾക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിന് വകുപ്പ് തലത്തിൽ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1) Sexual Harassment of Women at Work Place (Prevention, Prohibitionand Redressel) act 2013 നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസി എന്ന നിലയിൽ സംസ്ഥാനത്തെ 50 വകുപ്പുകളിലെ ഇന്റേണൽ കമ്മിറ്റി പ്രിസൈഡിംഗ് ഓഫീസർമാർക്ക് 01-08-19 ന് തിരുവനന്തപുരത്ത് വച്ച് ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചിരുന്നു. ഈ ആക്ട് സംബന്ധിച്ച സ്റ്റാറ്റ്യൂട്ടറി കമ്മിറ്റി എല്ലാ തൊഴിൽ സ്ഥാപനങ്ങളിലും രൂപീകരിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കുന്നതിനും അതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിനും എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസുകളിലും ഒരു സോഷ്യൽ വർക്കറെ ആറ് മാസക്കാലയളവിലേയ്ക്ക് നിയമിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാകുകയും ആയതനുസരിച്ച് NGO-കളിൽ നിന്നും EOI ക്ഷണിച്ച് സോഷ്യൽ |

| | |
|---|---|
| | വർക്കറെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br>2) സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷയ്ക്കായി അവബോധം സൃഷ്ടിക്കുന്നതിന് ഐ.ഇ.സി പദ്ധതിയുടെ ഭാഗമായി സ്കൂളുകൾ, അങ്കണവാടികൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ പോസ്റ്റർ പതിപ്പിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>3) വകുപ്പ് നടപ്പിലാക്കി വരുന്ന സ്ത്രീ ശാക്തീകരണ പരിപാടിയായ 'സധൈര്യം മുന്നോട്ട്' പരിപാടിയുടെ ഭാഗമായി വിവിധ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. ഭരണഘടനയുടെ മൗലിക അവകാശങ്ങൾ സംബന്ധിച്ച് ബോധവൽക്കരണം, പെൺകുട്ടികൾക്ക്, സ്വയരക്ഷ പരിശീലനം, സ്കൂൾതലം മുതൽ ഡിഗ്രിതലം വരെയുള്ള വിദ്യാർത്ഥികൾക്കായി ലിംഗസമത്വം നടപ്പിൽ വരുത്തുന്നതിന് അവയർനസ് പ്രോഗ്രാമുകൾ മുതലായവ നടപ്പിലാക്കിയിരുന്നു.<br>4) സ്ത്രീകൾക്ക് രാത്രിയിൽ ഒറ്റയ്ക്ക് നടക്കാൻ കഴിയാത്ത വിധത്തിലുള്ള സാമൂഹ്യ സാഹചര്യം മാറ്റിയെടുക്കുന്നതിലേയ്ക്കായി രാത്രി നടത്തം പോലുള്ള പ്രചാരണ പ്രവർത്തനങ്ങൾ വിപുലമാക്കുവാൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. 'പൊതുയിടം എന്റേതും' എന്ന പേരിൽ എല്ലാ ജില്ലകളിലും രാത്രിയാത്രകൾ സംഘടിപ്പിച്ചിട്ടുണ്ട്. തുടർന്നും പഞ്ചായത്ത്, ബ്ലോക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻതലങ്ങളിൽ മുൻകൂട്ടി അറിയിക്കാതെയുള്ള രാത്രി യാത്രകൾ |

| | |
|---|---|
| | സംഘടിപ്പിച്ചുവരുന്നു.<br>5) കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ കൂടുതലും സ്വന്തം കുടുംബങ്ങളിൽ നിന്നും ആയതിനാൽ കുട്ടികളുടെ സംരക്ഷണവും ഉത്തരവാദിത്വ രക്ഷകർതൃത്വം എന്നിവയിൽ മാതാപിതാക്കളെ ബോധവൽക്കരിക്കുന്നതിനും കുട്ടികളുടെ അവകാശ സംരക്ഷണത്തിന്റെ പ്രാധാന്യം ഉറപ്പാക്കുന്ന-തിനുമായി വനിത ശിശു വികസന വകുപ്പ്, മറ്റ് വകുപ്പുകൾ, സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ, പൊതുസമൂഹം എന്നിവരെ ഉൾപ്പെടുത്തി 'കരുതൽ സ്പർശം കൈകോർക്കാം കുട്ടികൾക്കായി' എന്ന പദ്ധതി 2019 ൽ ശിശു സംരക്ഷണ പദ്ധതിയുടെ ഭാഗമായി ആരംഭിച്ചു 'കരുതൽ സ്പർശം കൈകോർക്കാം കുട്ടികൾക്കായി' എന്ന ക്യാമ്പയിനിന്റെ ഭാഗമായി കുട്ടികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് 'റെസ്പോൺസിബിൾപേരന്റിംഗ്', കുട്ടികളുടെ അവകാശ സംരക്ഷണം എന്നിവ സംബന്ധിച്ച് സംസ്ഥാന വ്യാപകമായി ബോധവൽക്കരണ പരിപാടികൾ നടത്തിയിരുന്നു. ടി ക്യാമ്പയിനുമായി ബന്ധപ്പെട്ട് 2019 മെയ് 29-ന് റെസ്പോൺസിബിൾപേരന്റിംഗിനെ സംബന്ധിച്ച് തൽസമയ ബോധവൽക്കരണ പരിപാടി കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ സംപ്രേക്ഷണം ചെയ്തിരുന്നു. |
| ബി) ഈ വിഷയവുമായി ബന്ധപ്പെട്ട് പുതിയതായി നടപ്പിലാക്കാനുദ്ദേശിക്കുന്ന ബോധവത്ക്കരണ പദ്ധതികളുടെ വിശദാംശം അറിയിക്കാമോ? | ബി) 1. സ്കൂളുകൾ കേന്ദ്രീകരിച്ച് കുട്ടികൾക്കായി POCSO ACT സംബന്ധിച്ച് ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. |

| | |
|---|---|
| | 2. ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതലങ്ങളിൽ ശാക്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.<br>3. സംസ്ഥാനത്ത് 28 ഫാസ്റ്റ് ട്രാക്ക് POCSO കോടതികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br>4. പ്രിവൻഷൻക്യാമ്പയിനിന്റെ ഭാഗമായി സംസ്ഥാനതല പരിശീലനത്തിന്റെ തുടർച്ച എന്ന നിലയിൽ ജില്ലാതലത്തിലും പഞ്ചായത്ത് തലത്തിലും പരിശീലനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ